# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 1270** **30.01.2018 -ൽ മറുപടിയ്ക്ക്**

## ശാസ്ത്രപോഷിണി ലാബ്

**ചോദ്യം**

ശ്രീമതി യു.പ്രതിഭ ഹരി

**ഉത്തരം**

പ്രൊഫ: സി.രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | കായംകുളം മണ്ഡലത്തിൽ 2016,2017 വർഷങ്ങളിൽ ശാസ്ത്രപോഷിണി ലാബ് അനുവദിക്കുന്നതിന് വേണ്ടി കായംകുളം ഗേൾസ് എച്ച്.എസ്.എസ്., പത്തിയൂർ പഞ്ചായത്ത് എച്ച്.എസ്. എന്നിവയ്ക്ക് 5 ലക്ഷം രൂപ വീതം അനുവദിച്ചിട്ടും നാളിതുവരെ ഇതിന്റെ ഭരണാനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഭരണാനുമതി ഉടൻ ലഭ്യമാക്കുന്നതിനും ശാസ്ത്ര പോഷിണി ലാബ് 2018-19 അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ സജ്ജമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ശാസ്ത്രപോഷിണി ലാബ് , GHSS കായംകുളം , പത്തിയൂർ പഞ്ചായത്ത് എച്ച്.എസ് എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി മറ്റു ബന്ധപ്പെട്ട രേഖകൾ സഹിതം സമർപ്പിക്കണമെന്ന് ആലപ്പുഴ ജില്ലാകളക്ടർ ശാസ്ത്രസാങ്കേതി കൗൺസിലിനോടു ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളുകൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ജില്ലാ തലത്തിലുള്ള അവലോകന സമിതികൾ രൂപീകരിക്കുകയും സ്കൂൾ പരിശോധനകൾ നടന്നു വരികയും ചെയ്യുകയാണ്. ഈ നടപടി ക്രമങ്ങൾ പൂർത്തിയാക്കി ഭരണാനുമതി ജില്ലാകളക്ടറിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ടി സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ